# ജപ്പാൻ മാതൃകയും ശീമക്കൊന്നയുടെ വരവും

കാരുമാത്ര ഭവാനന്ദൻ

വെള്ളക്കാരും രാജാക്കന്മാരും ചേർന്ന് നമ്മെ കൈകാര്യം ചെയ്തിരുന്ന കാലത്ത് കർഷകന്റെ മേൽ ഇന്നത്തേതുപോലുള്ള മെക്കിട്ടുകയറ്റങ്ങൾ തീരെ ഇല്ലായിരുന്നു. പ്രജകൾക്ക് ഭാരമാകാത്തവിധത്തിൽ അല്ലറചില്ലറ നികുതിപിരിവിലൂടെ ഖജനാവിൽ വന്നുചേരുന്ന പണത്തിൽ ചിലവുകഴിച്ച് മിച്ചമുണ്ടെങ്കിൽ പാതയോരങ്ങളിൽ തണൽവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാനും കിണറുകൾ കുഴിക്കുവാനും അത്താണികൾ പണികഴിപ്പിക്കുവാനും അത് വിനിയോഗിച്ചു. ഉത്തമബോധ്യമില്ലാത്ത കാര്യങ്ങൾ പ്രജകളുടെ മേൽ അടിച്ചേല്പിക്കുന്നത് വിനയായേക്കുമെന്ന തിരിച്ചറിവ് നമ്മുടെ മൺമറഞ്ഞ പൊന്നുതമ്പുരാക്കന്മാർക്കുണ്ടായിരുന്നിരിക്കണം.

എന്നാൽ, സ്വാതന്ത്ര്യപ്രാപ്തിയോടെ കഥയും കഥാപാത്രങ്ങളും മാറി. അലക്കിത്തേച്ച വസ്ത്രം ധരിച്ച് പലവകയിൽപ്പെട്ട പിരിവുകളുടെ രശീത് പുസ്തകങ്ങളും ആഹ്വാനങ്ങളുൾക്കൊള്ളുന്ന നോട്ടീസുകളും തിരുകിക്കയറ്റിയ ബാഗും കക്ഷത്തുവച്ച് പുലർച്ചെ വീടുവിട്ടിറങ്ങി പാതിരായ്ക്ക് തിരിച്ചെത്തുന്ന രാഷ്ട്രീയക്കാരനെ ഗത്യന്തരമില്ലാത്തതുകൊണ്ട് മാത്രം നമ്മെ ഭരിക്കുവാനുള്ള ചുമതലയേല്പിക്കേണ്ടിവന്നു. അന്നുമുതൽ തുടങ്ങുന്നു കർഷകന്റെ കഷ്ടകാലം. കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിതന്നെ ഇല്ലാതായി എന്നൊരു ചൊല്ലുണ്ട്. പോയ അമ്പതുവർഷങ്ങൾകൊണ്ട് കർഷകൻ എന്ന വർഗം കേരളത്തിൽ കുറ്റിയറ്റുകൊണ്ടിരിക്കുന്നു. പകരം കൃഷിവകുപ്പാകട്ടെ അനുദിനം വികസിച്ചുകൊണ്ടേയിരിക്കുന്നു. ഇന്ന് നമ്മുടെ കൃഷിവകുപ്പിനു കീഴിൽ 10964 ജീവനക്കാരുണ്ടെന്നോർക്കുക.

നമ്മെ ഭരിക്കുവാൻ നാം തെരഞ്ഞെടുത്ത രാഷ്ട്രീയക്കാരൻ ആദ്യമായി കർഷകരെ ഒരു പരുവത്തിലാക്കിയെടുക്കാനുള്ള കലാപരിപാടികൾക്ക് രൂപം നല്കി. എല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുവാനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു. വിവരവും വിവേകവുമില്ലാത്ത നമ്മുടെ കർഷകരെ പ്രതി കണ്ണീരൊഴുക്കി. കൃഷി, വ്യവസായം, സാമൂഹ്യപ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ നമ്മുടെ വിവരക്കേട് തീർത്തെടുക്കുവാൻ വിദേശങ്ങളിലേക്ക് നമ്മുടെ പ്രതിനിധികൾ പ്രവഹിച്ചു.

രണ്ടാം ലോകമഹായുദ്ധത്തിൽ തകർന്നുതരിപ്പണമായ ജപ്പാൻ ത്വരിതഗതിയിൽ ഉയിർക്കൊള്ളുന്ന കാലം. നുറുമേനി വിളയുന്ന കൃഷിരീതികൾ അവർ ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എന്ന വിവരം കിട്ടിയതിനെതുടർന്ന് കൃഷിമന്ത്രിയും പരിവാരങ്ങളും പറപറന്നു. അവർ നമുക്കുവേണ്ടി, കർഷകലക്ഷങ്ങൾക്കുവേണ്ടി അന്നു സഹിച്ച ത്യാഗങ്ങൾക്ക് തക്ക ഫലം കൈവന്നു. തിരിച്ചെത്തിയ മന്ത്രി പ്രഖ്യാപിച്ചു. നാം വിജയിച്ചു. കർഷകരുടെ കഷ്ടകാലം അവസാനിക്കുന്നു. നാം ‘ജപ്പാൻ മാതൃകാ കൃഷി’യിലേക്ക് തിരിയുന്നു.

ഇടയിൽ മറ്റൊരു സുപ്രധാന കണ്ടുപിടിത്തംകൂടി നമ്മുടെ മേലേക്കിട കൃഷി ആപ്പീസർമാർ നടത്തിക്കഴിഞ്ഞു. ‘ശീമക്കൊന്ന’ ഉഗ്രൻ പച്ചിലവളം. അദ്വിതീയൻ!. ടിയാന്റെ ചൂരു കേട്ടാൽമതി നെൽചെടികൾ പുളകമണിയും. നമ്മുടെ നാടൻ, കാടൻ പച്ചിലവളങ്ങളുടെ നൂറിരട്ടി ഫലപ്രാപ്തി.

ഗ്രാമങ്ങളിൽ ഉത്സവപ്രതീതി ജനിപ്പിച്ചുകൊണ്ട് മൈക്ക് ഘടിപ്പിച്ച സർക്കാർ ജീപ്പുകൾ ചീറിപ്പാഞ്ഞു. എങ്ങുനിന്നോ തേടിപിടിച്ച് തപ്പിപ്പെറുക്കി കൂട്ടിയ ശീമക്കൊന്നയുടെ കമ്പുകൾ ഗ്രാമങ്ങൾതോറും വിതരണം ചെയ്തു. സൗജന്യമായി ഇന്നത്തേതുപോലെ അന്നും ടി കലാപരിപാടിക്കൊരു പേരു നല്കി: ‘ശീമക്കൊന്ന വാരം’.

ശീമക്കൊന്ന വാരത്തോടൊപ്പം സിനിമാപ്രദർശന വാരവും സംഘടിപ്പിക്കപ്പെട്ടു. മിക്കവാറും പ്രദർശനങ്ങൾ മിനിട്ടുകൾ മാത്രം നീണ്ടുനിൽക്കുന്ന വകുപ്പുമന്ത്രിയുടെ സാന്നിധ്യംകൊണ്ട് പുളകമണിഞ്ഞു. സൂര്യനസ്തമിക്കുന്നതോടെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറും പരിവാരങ്ങളും ജീപ്പിൽ വന്നെത്തുന്നു. പരിപാടി തുടങ്ങുന്നു. ശബ്ദമില്ലാത്ത പ്രദർശനത്തിന് ഓഫീസർ വിശദീകരണം നല്കുന്നു.

ആദ്യമായി സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നത് പത്ത് കൈവിരലുകൾ. ബ്ലോക്ക് ഓഫീസർ വിശദീകരിക്കുന്നു: നാം പത്തുപറയ്ക്ക് നിലത്തിൽ കൃഷി ചെയ്യുവാൻ ഉത്സാഹിക്കുകയാണ്. ക്രമേണ ഓരോ വിരലുകൾ മടങ്ങി മടങ്ങി ചൂണ്ടാണിവിരൽ മാത്രം സ്ക്രീനിൽ അവശേഷിക്കുന്നു. അതെ. പത്ത് പറയ്ക്ക് പകരം വെറും ഒരു പറ വിത്തുമതി ജപ്പാൻ മാതൃകാകൃഷിക്ക്. ബാക്കി ഒമ്പതുപറ വിത്ത് ലാഭം. കർഷകരും മക്കളും കൈയടിക്കുന്നു. അടുത്തതായി ‘ഞാറ്റടി’ തയാറാക്കുന്നു. ആറിഞ്ച് ഉയരവും രണ്ടടി വീതിയും അമ്പതടി നീളവുമുള്ള ഞാറ്റടിയിൽ കംപോസ്റ്റ് വിതറിയശേഷം മരുന്നുവെള്ളത്തിൽ മുക്കിയെടുത്ത വിത്ത് ശ്രദ്ധയോടെ പാവുന്നു. തുടർന്നുള്ള തെന്നലിൽ ആടിക്കളിക്കുന്ന നെൽചെടികൾ. പൂപ്പാട്ടയിൽ വെള്ളവുമായി കർഷകൻ രംഗത്ത്. മഴയില്ലാത്ത ദിനങ്ങളിൽ ഇപ്രകാരം പൂപ്പാട്ടകൊണ്ട് ചെറുതായി നനച്ചുകൊടുക്കണമെന്ന് ബി.ഡി.ഒ. ഇരുപത്തി ഒന്ന് എന്ന സംഖ്യ സ്ക്രീനിൽ തെളിയുന്നു. അതെ, ഇപ്രകാരം തയാറാക്കിയ നെൽച്ചെടികൾ ഇരുപത്തിയൊന്ന് ദിവസങ്ങൾക്കകം പിഴുതെടുത്ത് വയലിൽ നടേണ്ടതാണ്.

വയൽ തലങ്ങും വിലങ്ങും ഉഴുതുമറിച്ച് നിരപ്പാക്കിയശേഷം എട്ട് ഇഞ്ച് അകലത്തിൽ പിഴുതെടുത്ത് മരുന്നുവെള്ളത്തിൽ മുക്കിയ നെൽച്ചെടി നടന്നു. അത്ഭുതപ്പെടേണ്ടതില്ല. വിവരമില്ലാത്ത കർഷകർ നാലഞ്ചു കട ചെടികൾ ഒരുമിച്ച് അടുത്തടുത്താണ് നടുക. ജപ്പാൻ കൃഷിയിൽ എട്ടിഞ്ചകലത്തിൽ ഓരോ കട മാത്രം. ഒരാഴ്ച കഴിഞ്ഞ് ജാപ്പാനീസ് ഹോ എന്ന കൈപ്പിടിയുള്ള പൽചക്രം ഉപയോഗിച്ച് ഇട ഇളക്കി കൊടുക്കുന്നതോടൊപ്പം ഇംഗ്ലീഷ് വളങ്ങളുടേയും മരുന്നുകളുടേയും പ്രയോഗം. മൂന്നാഴ്ചകൾക്കുശേഷം ഇടതൂർന്ന് കാറ്റിലുലയുന്ന നെൽച്ചെടികൾ. കണ്ടാൽ കൊതിതോന്നും അല്ലേ? ബി.ഡി.ഒ. തുടരുന്നു: അങ്ങിങ്ങ് നാം നട്ടുകൊടുത്ത നെൽച്ചെടികൾ ധാരാളം ചെനപ്പുകൾ പൊട്ടി ഇടതൂർന്ന് വളരുന്നു. വെറും ഒരു പറ വിത്തുകൊണ്ട് പത്തുപറയ്ക്ക് നിലത്ത് സൂചികുത്തുവാൻ ഇടമില്ലാതെ ആരോഗ്യത്തോടെ വളരുന്ന നെൽച്ചെടികൾ. ബഹുജനങ്ങളുടെ കൈയടിയിൽ സ്ത്രീകളും പങ്കുചേരുന്നു.

തൊപ്പിക്കുടയും മുട്ടിറങ്ങാത്ത മുണ്ടും കൗപീനവുമായി അതാ വരുന്നു അകലെനിന്നും മന്ദം മന്ദം കർഷകൻ. വയൽവരമ്പിലൂടെ. ഇതാ ക്ലോസപ്പ്. ആരോ വെള്ളമെടുത്തൊഴിച്ചാലെന്നപോലെ ആസകലം വിയർപ്പ്. പുറം തിരിഞ്ഞുനിൽക്കുന്നു. പുറത്തും നീർച്ചാലുകൾ. ബി.ഡി.ഒ. വിശദീകരിക്കുന്നു. അദ്ദേഹം കുളികഴിഞ്ഞ് തുവർത്താതെ കയറിവന്നതല്ല. വിയർപ്പ്, ആ വിയർപ്പുതുള്ളികളത്രെ കനകമണികളായി രൂപാന്തരം പ്രാപിക്കുന്നത്. തുടർന്ന് സ്ക്രീനിൽ ഒരു മുഴം നീളമുള്ള നെൽക്കതിരുകൾ പ്രത്യക്ഷപ്പെടുന്നു. വിയർപ്പു തുടച്ചുമാറ്റിയ കർഷകന്റെ മുഖവും മാറിടവും. മുറുക്കാൻ കറയുള്ള പല്ലുകൾ പതിന്നാലെണ്ണം ചുണ്ടിനു വെളിയിൽ. കരച്ചിലോ ചിരിയോ എന്ന് തിരിച്ചറിയുംമുമ്പേ സ്ക്രീനിൽ ഇരുട്ട്.

നാല്പത്തിയഞ്ചോളം വർഷങ്ങൾക്കുമുമ്പ് അരങ്ങേറിയ മേൽപ്പടി കലാപരിപാടികളുടെ അവശിഷ്ടമെന്നോണം നോക്കുകുത്തികളെപ്പോലെ അങ്ങിങ്ങ് കാണപ്പെടുന്നുണ്ട് ശീമക്കൊന്നകൾ: കടം കയറി കുത്തുപാളയെടുക്കേണ്ടിവന്ന കർഷകരുടെ ബാക്കിയും തഥൈവ.